# <u>ചിന്തുന്ന ചാന്ത്:</u> ഒരു പുതുകവിത

**[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**വിമോചന** രണഭൂവിൽ
മോചിതർ ഉരുകുമ്പോൾ
മന:കല്പിതം ഉവാചാ:
ബന്ധന നിബന്ധനാ വകുപ്പിൽ
ഉപവാക്യം ചേർക്കുക.

ലായക ലീലാലീനം
ലായനിയിൽ നിന്നും
വേർപാടിന്റെ സ്വനഗ്രാഹീ-
യുച്ചഭാഷണം ഉയർത്താതിരിക്കാൻ
പഴകിപ്പയറ്റാത്ത അധുനാതന ഏ്യകസരണി:
ലയനക്രിയ നടക്കാതിരിക്കാൻ
ദർഘാസ് രഹസ്യം പരസ്യമാക്കുക.

"തിരഞ്ഞെടുക്കാൻ ചിന്താവിധി
നിഷേധിക്കപ്പെട്ട യാചകൻ, ആദം,"
പരാങ്മുഖ പാശ്ചാത്താപം.

ഇണചേരുന്ന ഋതുക്കൾ
സാക്ഷിപത്രത്തിന്റെ ആധികാരികതയ്ക്കോ
അനുവാദത്തിന്റെ അനാവശ്യകതയ്ക്കോ
അകാരണം കാത്തിരിക്കുന്നില്ല.

മറഞ്ഞെരിയുന്ന സർഗ്ഗപ്രഭ
സ്ഥിതിവിവര സാങ്കേതികതയിലെ
വൈജ്ഞാനിക ബീജം തിരിച്ചറിയുന്നു –
വാരാന്ത്യങ്ങളിൽ പോലും.

നീട്ടിവെക്കൽ പ്രമേയം മാനിക്കാതെ

പുതുകുദാശയ്ക്ക് അടിക്കല്ലിൽ
കുമ്മായക്കരണ്ടി ചാന്തിടുന്നു:
“ചെകുത്താൻ കൂട്ടിച്ചേർത്തതിനെ
ആൾദൈവങ്ങൾ പോലും
കയ്യൊപ്പ് ചാർത്തില്ല.”
****************************************************************